## പണിമുടക്ക് വിജയിപ്പിക്കാൻ
## അക്രമ പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം

### ഡർഹി ഹൈക്കോടതി

W.P. (C) No. 29084/2020 Dt. 15.2.2021

ഭാരത് സിറം വാക്സിൻസ് ലിമിറ്റഡ്
x
സ്റ്റേറ്റ് ഓഫ് കേരള

ഇന്ത്യ മുഴുവൻ ശാഖകളുള്ള കമ്പനിയാണ് ഭാരത് സിറം വാക്സിൻസ്. ഇന്ത്യയിലെവിടെയുമുള്ള ശാഖകളിൽ ജോലി ചെയ്യണമെന്ന വ്യവസ്ഥ അംഗീകരിച്ചുകൊണ്ടാണ് തൊഴിലാളികൾ കമ്പനിയിൽ ജോലിയിൽ പ്രവേശിക്കുന്നത്. 2020-ൽ ബിസിനസ് ആവശ്യങ്ങളുടെ പേരിലും ഭരണ നിർവ്വഹണത്തിന്റെ പേരിലും കുറെ തൊഴിലാളികളെ മേനേജ്മെന്റ് വിവിധ ശാഖകളിലേക്ക് സ്ഥലം മാറ്റി. അങ്ങനെ സ്ഥലം മാറ്റപ്പെട്ടവരിൽ മൂന്നു പേരൊഴികെ ബാക്കി എല്ലാവരും സ്ഥലംമാറ്റ ഉത്തരവ് ശിരസ്സാവഹിച്ച് പുതിയ സ്ഥലങ്ങളിൽ ചുമതലയേറ്റു. എന്നാൽ മൂന്ന് തൊഴിലാളികൾ അവർ അംഗമായ യൂണിയന്റെ ബലത്തിൽ സ്ഥലംമാറ്റത്തെ എതിർക്കുകയും പുതിയ സ്ഥലത്ത് ചുമതലയേല്ക്കാതെ പണിമുടക്കിൽ ഏർപ്പെടുകയും അക്രമപ്രവൃത്തികൾ ചെയ്യാൻ തുടങ്ങുകയും ചെയ്തു. മേനേജർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ യൂണിയൻ ഭീഷണിപ്പെടുത്തുകയും ജോലി ചെയ്യുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥർ മരട് പോലീസ് സ്റ്റേഷനിൽ പരാതി നല്കിയെങ്കിലും പോലീസ് പ്രതികരിച്ചില്ല. പിന്നീട് സംസ്ഥാന പോലീസ് മേധാവിയുൾപ്പെടെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പരാതി നല്കിയെങ്കിലും യാതൊരു നടപടിയുണ്ടായില്ല. കമ്പനിയുടെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുക അസാധ്യമാക്കും വിധം തൊഴിലാളി യൂണിയൻ ഭീഷണിയും അക്രമങ്ങളും തുടർന്നു. ഗത്യന്തരമില്ലാതെ കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്ഥലംമാറ്റം ഉൾപ്പെടെ ഏതിനെതിരെയും പ്രതിഷേധിക്കാനും പണിമുടക്കാനും തൊഴിലാളികൾക്ക് അവകാശമുണ്ടെങ്കിലും അക്രമം നടത്താനോ ജോലി ചെയ്യുന്നവരെ തടസ്സപ്പെടുത്താനോ തൊഴിലാളി യൂണിയന് യാതൊരു അവകാശവുമില്ലെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. സ്ഥലംമാറ്റം സാധാരണ നടപടി മാത്രമാണെന്നും ദുരുദ്ദേശ്യത്തോടെയാണെന്ന് തെളിഞ്ഞാൽ മാത്രമേ അത് റദ്ദാക്കാനാവൂ എന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. വ്യവസായ തർക്ക നിയമപ്രകാരമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നിവൃത്തി കാണേണ്ടതിനു പകരം സമരത്തിന്റെയും അക്രമത്തിന്റെയും വഴി തൊഴിലാളികൾ സ്വീകരിച്ചത് അപലപനീയമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. പണിമുടക്കിന്റെ പേരിൽ അക്രമവും ഭീഷണിയും നടത്തുന്ന തൊഴിലാളികൾക്കെതിരെ പരാതി ലഭിച്ചാൽ പോലീസ് കർശന നടപടിയെടുത്ത് വ്യവസായാന്തരീക്ഷം സമാധാനപൂർണ്ണമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.